# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 951 02/12/2015 ലെ മറുപടിയ്ക്ക്

## ജലഗുണനിലവാര പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.ടി.എൻ.പ്രതാപൻ | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലഗുണനിലവാര പരിശോധനക്കായി ലാബുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുക, ഉപഭോക്താക്കളിൽ നിന്നും, പൊതുജനങ്ങളിൽ നിന്നും ലഭിയ്ക്കുന്ന ജലസാമ്പിളുകൾ പരിശോധിച്ച് സമയബന്ധിതമായി റിപ്പോർട്ട് നൽകുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. |
| (സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) സംസ്ഥാനത്ത് ഗുണനിലവാര പരിശോധനയ്ക്കുവേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 16 സബ് ഡിവിഷണൽ ലാബുകളും 14 ജില്ലാതല ലാബുകളും ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരണശാലയിൽ ശുദ്ധീകരിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷം മാത്രമാണ് വിതരണം ചെയ്യുന്നത്. ഇതിനുപുറമേ കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർ ക്വാളിറ്റിയുടെ കീഴിലുള്ള ഉദ്യോഗസ്ഥർ വിവിധ കുടിവെള്ള സ്കീമുകളിൽ നടത്തുന്ന പരിശോധനയുടെ ഭാഗമായി കുടിവെള്ള സാമ്പിളുകൾ ശേഖരിച്ച് ഉന്നതനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. പൊതുജനങ്ങൾ മുഖ്യമായും ആശ്രയിക്കുന്ന കിണറുകൾ മുതലായ കുടിവെള്ള സ്രോതസ്സുകളിലെ ജലപരിശോധനയും മേൽപറഞ്ഞ ലാബുകളിൽ നടത്തിവരുന്നു. കൂടാതെ കേന്ദ്രഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് ഡ്രിങ്കിംഗ് വാട്ടർ & സാനിട്ടേഷൻ അനുശാസിക്കുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരത്തിനുള്ള മാർഗ്ഗരേഖ പ്രകാരം കേന്ദ്രഗവൺമെന്റിന്റെ നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാമിന്റെ സഹായത്തോടെ പുതുതായി 19 ജലഗുണനിലവാര പരിശോധന സബ് ഡിവിഷണൽ ലാബുകൾ തുടങ്ങുന്നതിനുള്ള സജ്ജീകരണങ്ങൾ പൂർത്തീകരിക്കുകയും ഇതിൽ 17 ലാബുകൾ പ്രവർത്തനം ആരംഭിയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ